
മാറ്റൊലി

# മേലഡൂരിന്റെ നന്മ.... ഞങ്ങളുടെ അഭിമാനം...




# മികവിന്റെ പാതയിൽ ബഹുദൂരം മുന്നിൽ

# എഡിറ്റോറിയൽ

ഇന്ന് വിജ്ഞാനം നമ്മുടെ വിരൽ തുമ്പിലാണ്.വിദ്യാഭ്യാസമേഖല ഡിജിറ്റലൈസ് ചെയ്തുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.കാലമാവശ്യപ്പെടുന്ന പുതുമയും പുരോഗതിയും സമൂഹത്തിന്റെ ഏതു മേഖലയിലും പ്രത്യക്ഷമാണ്. ഈ മാഗസിൻ എന്ന നമ്മുടെ പ്രഥമസംരംഭത്തിന്റെ ഉദ്ദേശവും മറ്റൊന്നല്ല.പക്ഷെ അടിസ്ഥാനപരമായി മനുഷ്യത്വമുള്ളവരാവുക.സമൂഹജീവിയാവുക എന്ന വിദ്യാഭ്യാസത്തിന്റെ പരമ ലക്ഷ്യം മറക്കാതെ തന്നെ മണ്ണിനെയും ചുറ്റുപാടിനെയും അറിയുന്നവരായി നമ്മുക്ക് മുന്നേറാം

എഡിറ്റർ

# സന്ദേശം

സങ്കേതിക വിദ്യ നമ്മുടെ ജിവിതത്തിന്റെ ഒരു അഭിവാജ്യ ഘടകമായ ഇന്നത്തെ കാലഘട്ടത്തിൽ അതിനെ സർഗാത്മകമായുംപ്രയോജനപ്രദമായും ആവിഷ്കരിക്കാനുള്ള ശ്രമമാണ് ലിറ്റിൽകൈറ്റ്സ്, ഒരോ വിദ്യാലയത്തിലും നടപ്പാക്കുന്നത്. അതിന്റെ ഭാഗമായി മേലഡൂർ ഗ.വ സമതി ഹയർ സെക്കൻഡറിസന്തോഷത്തോടയുംമാണ് "മാറ്റൊലി" എന്ന ഈ മാഗസിൻ പ്രസദികരിക്കുന്നത്. മാസികയുടെ നിർമ്മാണ-ത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് പ്രദിഭകൾക്കും , അവരെ സഹായിച്ച എല്ലാ വിദ്യാർതികൾക്കും അധ്യാപികർക്കും അഭിനന്ദങ്ങൾ . സങ്കേതികത്തികവാർന്ന പ്രതിഭാർന്ന ഒരു തലമുറയെ രൂപപ്പെടുത്താൻ ഈ സംരംഭത്തിന് കഴിയു മാറകട്ടെ ......




എന്ന്പ്രധാനഅധ്യാപിക

സുമയ്യ.എ      ഗ.വ സമതി ഹയർസെക്കന്ററി മേലഡൂർ

# കൈറ്റ് മാസ്റ്ററുടെ തൂലികയിൽ നിന്ന് ...............

*മാറ്റൊലി ........*

**ഗവ . സമതി ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് IT ക്ലബിലെ കൊച്ചു കൂട്ടുകാരുടെ സർഗ്ഗവാസനയും സാങ്കേതിക മികവും ഒന്നിച്ചു ചേർത്ത ആദ്യത്തെ ഡിജിറ്റൽ മാഗസിൻ ...... ഇതിനായി പ്രവർത്തിച്ച എല്ലവർക്കും അഭിനന്ദങ്ങൾ . ഈ മാഗസീൻ അറിവിന്റെ , മികവിന്റെ , തികവിന്റെ മാറ്റൊലിയായി മുഴങ്ങട്ടെ .**

*ആശംസകൾ ....................*



# മാറ്റൊലിക്ക് പിന്നിൽ



ഫിയ തോമാസ് (ചീഫ് എഡിറ്റർ)

ആതിര സി ഷാജി

കാർത്തിക പി.ജെ

ജെനീറ്റ ജോബി

ഡെറീന ആഗ്നസ്സ്

അനന്തു ടി ആർ

റോഹൻ രാജ്

# ഈ അക്കാദമിക വർഷത്തെ ചില അപൂർവ നിമിഷങ്ങൾ.............

## പ്രവേശനോത്സവം

ഓരോരുത്തരും വിദ്യാർത്ഥികളാകുന്നത് വിദ്യയുടെ ലോകത്തോക്കുള്ള പ്രവേശനോത്സത്തോടെയാണ്. വിദ്യ അഭ്യസിക്കാനായി വന്നെത്തുന്ന കുരുന്നുകളുടെ വിദ്യാലയമുറ്റത്തേക്കുള്ള ചുവടുവെപ്പാണ് പ്രവേശ നോത്സവം . ഓരോ വിദ്യാർത്ഥികളും പ്രവേശനോത്സവ ത്തോടെ അവരുടെ അധ്യയനവർഷം ആരംഭിക്കുന്നു.



ജി.എസ്.എച്ച്.എസ്.എസ് മേലഡൂർ സ്ക്കൂളിൽ ഓരോ കുരുന്നുകളെയും അറിവിന്റെജ്വാല കളേറ്റുവാങ്ങാനായിക്ഷണിച്ചു. അന്നേ ദിവസം സ്കൂളിന്റെ അതിഥികളായിരുന്നു.അക്ഷരമുറ്റത്തേക്ക് അമ്മയുടെയും കൂട്ടുക്കാരുടെയും കൂടെ വന്നെത്തുന്ന വിദ്യാർത്ഥികളെ അധ്യാപകർ പനിനീർ പൂക്കൾ നൽകി സ്വീകരിച്ചു.

പിന്നീട് സ്ക്കൂളിലേക്ക് അവരെ ഹൃദയപൂർവം നമ്മുടെ ബഹുമാനപ്പെട്ട പ്രധാനഅധ്യാപിക സ്വാഗതംചെയ്യുകയും അവർക്കുവേണ്ട ഉപദേശങ്ങളുംനിർദേശങ്ങളും നൽകുകയും ചെയ്തു .ഓരോ അധ്യാപകരും പി.ട്ടി.എഅം ഗങ്ങളും കുട്ടികൾക്ക് ആശംസകളർപ്പിച്ചു. പുതിയതായി വന്ന കുട്ടികളുടെ കലാപ്രകടനങ്ങളും നമ്മുടെ സ്ക്കൂളിൽ അരങ്ങേറി.അറിവിന്റെ ലോകം നമ്മെ അജ്ഞതയിൽ നിന്നകറ്റി പ്രകാശത്തിലേക്കു നയിക്കുന്നു.അതിന്റെ പ്രതീകമായി നമ്മുടെ സ്ക്കൂളിൽ പുതുതായി വന്നു ചേർന്ന വിദ്യർത്ഥികളേവരും ദീപം തെളിയിക്കുന്നു.അവരുടെ



വിദ്യാലോകത്തെ ഈ കർമ്മത്തിലൂടെ അനശരമാക്കി തീർത്തു.തുടർന്ന് വിദ്യാർത്ഥികളെ അവരുടെക്ലാസ്സിലേക്ക് നയിച്ചു.പ്രവേശനോത്സത്തിന്റെ മധുരം കുട്ടികൾക്ക് നൽ
കി.ആ ദിവസം അവസാനിച്ചു.........

# സ്വാതന്ത്ര്യ ദിനം



"സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം "

**എന്ന കവിവാക്യത്തിലെ രാജ്യസ്നേഹത്തിന്റെ ആഴങ്ങളറിഞ്ഞ്....... സ്വാതന്ത്ര്യം എന്ന സ്വപ്നം സഫലമാക്കിത്തന്ന വീരസേനാനികളെ സ്മരിച്ച് നാടിന്റെ നന്മയും വികസനവും ഇനി എന്റെ ഉത്തരവാദിത്വമാണെന്നറിഞ്ഞ്........ ഒരു സ്വാതന്ത്ര്യ ദിനം കൂടി ഈ വിദ്യാലയത്തിൽ ആഘോഷിക്കപ്പെട്ടു. പതാക ഉയർത്തി ദേശഭക്തിഗാനങ്ങൾ ആലപിച്ച് കുട്ടികൾ "ഒരൊറ്റ ജനത ഒരൊറ്റ ഇന്ത്യ "എന്ന ആശയം ഉൾക്കൊണ്ട് മധുരം പങ്കിട്ടു**



# യൂണിറ്റ് ക്യാമ്പ്

ലിറ്റിൽ കൈറ്റസിന്റെ ആദ്യ യൂണിറ്റ് ക്യാമ്പ് ജി.എസ്.എച്ച് .എസ്.എസ് മേലഡൂർ സ്കൂളിലെ കൈറ്റ് അംഗങ്ങൾ 4 / 8 / 2018 കൂടുകയുണ്ടായി . വീഡിയോ മേയ്ക്കിങ്ങിനന്റെ അടിത്തറപാകാൻ മേലഡൂർസ്കൂളിലെ ഇരുപ-ത് കുട്ടികളും വളരെ സന്തോഷത്തോടെയാണ് അന്നേ ദിവസം സ്കൂളിൽ എത്തിയത് . വീഡിയോയിൽ പശ്ചാത്തല സംഗീതം ഉൾപ്പെടുത്താനും ആവിശ്യമില്ലാത്തവ ഇല്ലാതാക്കാനും കഴിയുന്ന വീഡിയോ മേക്കിങ്ങ് യൂണിറ്റ് ക്യാമ്പ എല്ല കുട്ടികളും ശരിയായി ആസ്വദിച്ചു .



ഈ യൂണിറ്റ് ക്യാമ്പിൽ നിന്നു ആറുപേർ ജില്ലതല യൂണിറ്റ് ക്യമ്പിലേക്ക് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി . ആതിര സി.ഷാജി , റോഷൻ രാജ് , അമൽകൃഷ്ണപി.യു , അലിന ജോർജ് , അഖിൽ ജോമി, ഫിയ തോമാസ്
തുടങ്ങിയവരാണ് തിരഞ്ഞെക്കപ്പെട്ടത് .

# കേരളപ്പിറവി

1956 നവംബർ 1 നാണ് കേരള സംസ്ഥാനം രൂപം കൊണ്ടത്. കേരളത്തിന്റെ പച്ചപ്പും ഊഷ്മളതയും തനിമയോടെ കാത്തുസൂക്ഷിക്കേണ്ടത് കേളീയനെന്ന നിലയിൽ ഓരോ വ്യക്തിയുടെയും കടമയാണ്. എല്ലാ വർഷവും കേരള പ്പിറവി ഘോഷിക്കുമ്പോൾ കേരളം രൂപം കൊണ്ടിട്ട് ഇത്ര വർഷത്തിനിടെ കൈവരിച്ച നേട്ടങ്ങൾ നാം അനുസ്മരിക്കുകയും അതെ പ്രതി അഭിമാനിക്കുകയും ചെയ്യുന്നു.



ജി.എസ്.എച്ച് എസ്.മേലഡൂർ സ്ക്കൂളിന്റെ ചരിത്രത്തിൽ അറുപ്പത്തൊന്നാമത് കേരളപ്പിറവി ഈ വർഷം

ആഘോഷിച്ചു. അസംബ്ലിയിൽ അന്നേ ദിവസത്തെ പ്രാധാന്യം പ്രധാന അദ്ധ്യാപികയും മറ്റു ബഹുമാനപ്പെട്ട അദ്ധ്യാപകരും പറഞ്ഞുതന്നു.അന്നേദിവസത്തെ പ്രതിജ്ഞ സ്കൂൾ മുഴുവൻ ഏറ്റു ചൊല്ലി. വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് നിർമ്മിച്ച കേരളത്തിന്റെ ഭൂപടം ഏവർക്കും കൗതുകമായി. ഭൂപടത്തിനു ചുറ്റും സംഘടിപ്പിച്ച കലാപ്രകടനങ്ങൾ എല്ലാവർക്കും പുതുമയുള്ള അനുഭവമായിത്തീർന്നു.പ്രസംഗങ്ങളും നാടകങ്ങളും ഗാനങ്ങളും കുട്ടികൾ അവതരിപ്പിച്ചു.തുടർന്ന് സംഘടിപ്പിച്ച റാലി മുദ്രാവാക്യങ്ങളാലും ആർപ്പുവിളികളാലും മുഖരിതമായി . എല്ലാവർഷത്തെപ്പോലെയും കുട്ടികൾക്ക് മധുരം നൽകുകയും ക്വിസ് മത്സരം സംഘടിപ്പിച്ച് വിജയികളിക്ക് സമ്മാനം നൽകുകയും ചെയ്തു.കേരളത്തിലെ പ്രമുഖ വ്യക്തികളെയും സ്ഥലങ്ങളെയും ചരിത്രസ്മാരകങ്ങളെയും കുറിച്ച് കുട്ടികൾക്ക് ലഘുവായൊരു അറിവ് ലഭിക്കാൻ ഉതകുന്ന ചാർട്ടുകളും പോസ്റ്ററുകളും വിദ്യാലയമുറ്റത്തു തൂക്കിയിരിന്നു.കൂടാതെ കേരളം നേരിട്ട പ്രളയത്തെക്കുറിച്ചും കേരളീയ ജനതയുടെ അതിജീവനത്തെക്കുറിച്ചും കേരളപ്പിറവി ദിവസം നടന്ന ക്ലാസിൽ ചർച്ച ചെയ്തു.

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ ജനിക്കാനും ജീവിക്കാനും സാധിച്ചതിൽ ഓരോ വ്യക്തിയും അഭിമാനിക്കണമെന്ന് പരിപാടികളുടെ അന്ത്യത്തിൽ എച്ച് . എം . പറഞ്ഞു. എല്ലാം കൊണ്ടും അന്നേ ദിവസം വിജ്ഞാനപ്രദമായിത്തീർന്നു.



## വായനാപക്ഷാചരണം

## സ്ക്കൂൾ അസംബ്ളി





## മലയാളത്തിളക്കം



ഗൈഡ്സ് യൂണീറ്റ്

ജെ.ആർ.സി. യൂണീറ്റ്





ലിറ്റിൽ കൈറ്റ്സ്

# വായനാമുറി






# സ്കൗട്ട് യൂണിറ്റ്



## ഒക്ടോബർ 2 അനുബന്ധിച്ച് നടന്ന ശുചീകരണം



## പരിസ്ഥിതി ദിനം

# ഉപജില്ല ശാസ്ത്രമേളക്ക് ആതിഥേയരായപ്പോൾ





# താളുകൾ മറിയുമ്പോൾ

1. കൂട്ടുക്കാരി ജെനീറ്റ ജോബി
2. നനുത്ത ഓർമ്മകൾ എ ആർ ഷൈലജ
3. പൊതുവിജ്ഞാനം
4. കളിക്കുട്ടിയും കളിമാഷും കാർത്തിക പി ജെ
5. തെനാലി രാമൻ അമൃത ജിജോ
6. കേരളപ്പിറവി ഫിയ തോമസ്
7. നിപ്പാവൈറസ് സാൻമരിയ വർഗ്ഗീസ്

# കൂട്ടുകാരി....

കൂടുവിട്ടുകൂടുപാഞ്ഞപ്പോൾ
കൂടിനെയും മറന്നു
കൂട്ടിനുണ്ടായിരുന്ന കൂട്ടുകാരിതൻ
കൂട്ടിനെയുംമറന്നു
അകലങ്ങൾതേടിഅകന്നുപോയപ്പോൾ
അരികത്തുണ്ടായിരുന്ന
പൂത്തുമ്പിയേയും മറന്നു
അവൾ തൻ പുഞ്ച്ചിരിയേയും മറന്നു
ജീവിതമെന്ന വാതിലിനപ്പുറം
അജ്ഞാതമായൊരു ലോകം പുൽകിയ
അവളെയെന്നും ഓർക്കുന്നു
ഒരു തേങ്ങലായ്

-ജെനീറ്റ ജോബി

9 c

# നനുത്ത ഓർമ്മകൾ

ഓർമ്മയുടെ നിസ്സംഗതയിൽ
ഒരു പാവക്കുട്ടി
സ്ഥാനം പിടിച്ചിരിക്കുന്നു
ഓർമ്മയുടെ തുലിഴകൾക്കപ്പുറം
എനിക്ക് എന്നെ എവിടെയോ നഷ്ടപ്പെടുന്നുവോ?
ഗതകാലസ്മരണകളിലേക്ക് ......................................
നേടിയതും വെട്ടിപ്പിടിച്ചതുമെല്ലാം
അന്യമാകുന്നുവോ?
നിശ്ശബ്ദമായ് പെയ്തിറങ്ങുന്ന
മഴയുടെ താളം മുഗ്ധമായ സംഗീതം
നനുത്ത സ്പർശം
എല്ലാം നേടിത്തരുന്ന മഴപോലും
നഷ്ടങ്ങളുടെ ഓർമ്മപ്പെടുത്തലാണോ?
പേക്കിനാവ് കണ്ട് ഞെട്ടിയുണരുന്ന
കുട്ടിക്കാലം.... അതിനിടയിൽ വെയിൽ തുണ്ടുപോലെ
അടർന്നു വീഴുന്ന നിറമുള്ള
കനവുകൾ...... ഓർമ്മകൾ
പച്ചയും ചുകപ്പും നീലയും കറുപ്പും തന്നുപോൽ

ഓർമ്മകളോരോന്നായ് ചികയുമ്പോൾ

വിണ്ടും കണ്ടുമുട്ടു എന്നെ............

സ്നേഹം ഒരു ജ്വരമായ് പുത്തിറങ്ങിയതും,

ആ ജ്വരത്തിൽ സ്വയം ഇല്ലാതായതും ............

ഇനിയുമേറെയുണ്ട് ഓർമ്മകൾ...........

ചിരപരിചിതമായ ദുഃഖത്തിൽ സാന്ത്വനമായ് വന്ന

പേരറിയാകിളികൾ.........ഒരു മധുരഗാനമായ്

നടുക്കമായ് പെയ്തൊഴിഞ്ഞവ

കൂടെ നടന്നവർ, വിമർശിച്ചവർ.......

നനുത്തസ്പർശമായ് മാറിയവർ......

എല്ലാം ഒരു ഓർമ്മപ്പെടുത്തലാണ്.........

ഞാൻ എന്ന സത്യം എന്നെ തെരഞ്ഞ്

കാണാനാവാതെ........കണ്ടെത്താൻ കഴിയാതെ

ഒരു മറുപടിക്കായ് ,എരിയുന്നു.......

**ഷൈലജ എ ആർ**

# പൊതുവിജ്ഞാനം

1.തെക്കേ അമേരിക്കയുടെ ഹൃദയം എന്നു വിശേഷിപ്പിക്കുന്ന രാജ്യം ഏതാണ്?

**പാരഗ്വയ്**

2. അർജ്ജുന അവാർഡു നേടിയ ആദ്യ ഫുട്ബോളർ ആരാണ്?

**ഐ.എം . വിജയൻ**

.3. നക്ഷത്രങ്ങളിൽ ഏറ്റവും കൂടുതലുള്ള വാതകമേത്?

**ഹൈഡ്രജൻ**

4. കേരളത്തിലെ ആദ്യത്തെ റിസർവ് വനം ഏതാണ്?

**കോന്നി വനമേഖല**



5. ബുധൻഗ്രഹത്തിലെ ഒരു വർഷം ഭൂമിയിലെ എത്ര ദിവസമാണ്?

88

6.ആധുനിക പീരിയോഡിക് ടേബിൾ കണ്ടുപിടിച്ചതാര്?

**മോസ്‌ലി**

7.വെളുത്ത റഷ്യ എന്നറിയപ്പെടുന്ന രാജ്യം ഏതാണ്?

**ബലാറസ്**

8.ലോകത്തിന്റെ സംഭരണശാല എന്നു വിശേഷിപ്പിക്കുന്ന രാജ്യം ഏതാണ്?

**മെക്സിക്കോ**

9.കേരള സാഹിത്യ അക്കാദമിയുടെ ആദ്യ സെക്രട്ടറി ആരായിരുന്നു ?

**പാലാ നാരായണൻ**

10.പിന്നിലേക്ക് പറക്കാൻ കഴിവുള്ള പക്ഷി ഏതാണ്?

***ഹമ്മിങ് ബേർഡ്***

# കളിക്കുട്ടിയും കളിമാഷും

കളിക്കുട്ടിക്കെപ്പോഴും സംശയമാണ്. കളിമാഷിനാകട്ടെ കളിക്കുട്ടിയുടെ ചോദ്യങ്ങൾക്കെല്ലാം ഉത്തരവുമുണ്ട്. മാഷിന് തോന്നിയ ഉത്തരങ്ങൾ, അതൊരുപ്രശ്നമൊള്ളൂ , എന്നാൽ കളിക്കുട്ടിക്കതൊരു പ്രശ്നമേയല്ല .ചോദ്യത്തെസ്നേഹിക്കുന്ന കളിക്കുട്ടിയുടെയും , കളിമാഷിന്റെയും ചെറിയൊരു ചോദ്യോത്തര പ്രശ്നം.

**കളിക്കുട്ടി :എങ്ങനാണ് മാഷെ ഈ ജീവിതം?**

**കളിമാഷ് : അങ്ങനങ്ങനങ്ങനങ്ങനെ ,**
**ഇങ്ങനിങ്ങനിങ്ങനിങ്ങനെ**

**കളിക്കുട്ടി :എങ്ങനെങ്ങനെങ്ങനെങ്ങനെ ?**

**കളിമാഷ് : അങ്ങനങ്ങനെ , ഇങ്ങനിങ്ങനെ**

**കളിക്കുട്ടി :എന്തിനിങ്ങനെ ?എന്തിനങ്ങനെ ?**

**കളിമാഷ് : വെറുതെ ഒരു രസം .**

**–ജെനിറ്റ ജോബി**

# തെന്നാലിരാമനും കള്ളൻമാരും

*തെന്നാലിരാമനും ഭാര്യയും ഉറങ്ങാൻ കിടന്നപ്പോൾ പുറത്തെന്തോ ഒരു ശബ്ദം കേട്ടു . ജനലിലൂടെ എത്തി നോക്കിയ തെന്നാലിരാമൻ കണ്ടത് ഇരുട്ടത്ത് പതുങ്ങി നിൽക്കുന്ന രണ്ടു കള്ളൻമാരെയാണ് . പെട്ടെന്ന് തെന്നാലിരാമന്റെ മനസ്സിൽ ഒരു കുസൃതി തോന്നി .*

*രാമൻ ഭാര്യയെ വിളിച്ചു . എന്നിട്ട് കള്ളൻമാർ കേൾക്കാത്ത വിധം, എന്നാൽ സ്വകാര്യം പറയുന്ന രീതിയിൽ ഭാര്യയോട്പറഞ്ഞു. "നാട് മുഴുവനുംക കള്ളൻമാരുടെ ശല്യമാ..." എവിടെയും മോഷണം . നമ്മുടെ ഭടൻമാർക്ക് ഒരു കള്ളനെപ്പോലും പിടികൂടാൻ കഴിഞ്ഞിട്ടില്ല . അത് കൊണ്ട് ഒരു കാര്യം ഞാൻ നിശ്ചയിച്ചു . നമ്മുടെ സ്വർണ്ണാഭരണങ്ങളും രത്നങ്ങളും ഒന്നും ഈ വീട്ടിൽ സൂക്ഷിക്കേണ്ട . "പിന്നെ എവിടെ സൂക്ഷിക്കാൻ"?ഭാര്യ ചോദിച്ചു . നമുക്ക് നമ്മുടെ സമ്പാദ്യം മുഴുവനും ഒരു പെട്ടിയിലാക്കി കിണറ്റിലിടാം . ആരും എടുക്കില്ല . "ആവശ്യം വരുമ്പോൾ നമുക്ക് കിണർ വറ്റിച്ച് പെട്ടി പുറത്ത് എടുക്കാം. "*

*" നല്ല ബുദ്ധി തന്നെ"*

*"എങ്കിൽ സമയം കളയണ്ട . നമുക്കിപ്പോൾത്തന്നെ ആഭരണങ്ങളൊക്കെ പെട്ടിയിലാക്കി കിണറ്റിലാക്കാം .രാത്രിയായതുകൊണ്ട് ആരും കാണില്ലല്ലോ?" . തെന്നാലിരാമൻ ഒരു പഴയ പെട്ടിയലാക്കി അതു ചുമന്ന് കൊണ്ടു പോയി കിണറ്റിലിട്ടു . കള്ളൻമാർക്ക് സന്തോഷം അടക്കാനായില്ല . ബുദ്ധിമാനായ തെന്നാലിരാമന് അബദ്ധം പറ്റി .*

*എന്ന് കള്ളൻമാർ രഹസ്യമായി പറഞ്ഞു . തെന്നാലിരാമൻ വീട്ടിൽ കയറി വാതിലടച്ച് ഉറങ്ങാൻ തുടങ്ങി . കള്ളൻമാർ കിണറ്റിൻ കരയില്നിന്ന് വെള്ളം കോരാൻ തുടങ്ങി . വേഗം കോര് നേരം വെളുക്കുന്നതിനു മുമ്പ് സ്ഥലം വിടണം .കള്ളൻമാർ വെള്ളം കോരൽ തുടർന്നു.*

*സമയം പോയതറിഞ്ഞില്ല .നേരം പര പരന്ന് വെള്ളുത്തു . കർഷകർ പണി സാധനങ്ങളും മായി ജോലിക്കിറങ്ങി . കിണർ വറ്റിച്ച് നിധി എടുക്കാമെന്ന പ്രതിക്ഷയോടെ വെള്ളം കോരിക്കൊണ്ട് നിന്ന കള്ളൻമാർ അതൊന്നും ശ്രദ്ധിച്ചില്ല .*

*അല്ല നിങ്ങൾ ഇതുവരെ പോയില്ലേ ? പിറകിൽ നിന്ന - ുള്ള ശബ്ദം കേട്ട് കള്ളൻമാർ പരിഭ്രാന്തരായി തിരിഞ്ഞ് നോക്കി . തെന്നാലിരാമൻ ചിരിച്ചു കൊണ്ട് നിൽക്കുന്നു .*

*"നന്ദിയുണ്ട് സുഹൃത്തക്കളെ , എന്റെ പച്ചക്കറി കൃഷി വെള്ളം കിട്ടാതെ ഉണങ്ങിക്കിടക്കുകയായിരുന്നു . നിങ്ങളുടെ സഹായം കൊണ്ട് അതൊക്കെ ഒന്നു നനഞ്ഞു . തെന്നാലിരാമൻ പറഞ്ഞു ."*

*കള്ളൻമാർ ഒന്നു പതുങ്ങി . പിന്നെ അവിടെ നിൽക്കുന്നത് പന്തിയെല്ല - ന്നു കണ്ട അവർ കയറും കുടവും വലിച്ചെറിഞ്ഞ് ജീവനും കൊണ്ട് പാഞ്ഞു . പക്ഷേ അവർക്ക്ഏറെ ദൂരം ഓടൻ കഴിഞ്ഞില്ല . കൃഷി പണിക്ക് ഇറങ്ങിയ കർഷകരുടെ കൈയിലാണ് അവർ ചെന്നു പെട്ടത്. കർഷകർ കള്ളൻമാരെ പിടികൂടി തല്ലിച്ചതയ്ക്കുക മത്രമല്ല രജഭടൻമാരെ ഏൽപ്പിക്കുയും ചെയ്തു .*

***തെന്നാലിരാമൻ കള്ളൻമാരെ കെണിയിലാക്കിയ വിദ്യ നാട്ടിലെങ്ങു പരന്നു .***

*അമൃത ജിജോ*
*6 . A*

# ലേഖനം

## നിപാ വയറസ്

പുതിയതായി പടർന്നു കൊണ്ടിരിക്കുന്നതും
മനുഷ്യ
രിലും മൃഗങ്ങളിലും കഠിനമായ
രോഗമുണ്ടാക്കുന്നതു
മായ ഒരു ജന്തുജന്യരോഗമാണ് നിപാ വയറസ്.
"ടെറോപോഡിഡെ" കുടുംബത്തിൽപ്പെട്ട
ടെറോപസ് ജനുസിലെ പഴഭോജി വവ്വാലുകളാണ്
രോഗാണുക്കളാണ് സ്വഭാവിത ആതിഥേയർ 1998 ൽ
മലേഷ്യയിലെ കസൂംഗ് സുൻഗായ്
നിപ്പായിലുണ്ടായ
രോഗബാധയോടെയാണ് ഈരോഗംകണ്ടെത്തിയത്.
രോഗാണുവാഹകരായ വവ്വാലുകൾ മലിനമാക്കിയ
ഈന്തപ്പഴം ഉപയോഗിച്ചതിനെ തുടർന്ന് 2004 ൽ
ബംഗ്ലാദേശിൽ രോഗബാധയുണ്ടായി.1999 ലെ

രോഗബാധ പന്നികളിൽ മിതമായ രീതിയിലെ ബാധിച്ചൊള്ളുവെങ്കിലും മൂന്നൂറോളം മനുഷ്യക്ക് രോഗബാധയുണ്ടവുകയും നൂറിലേറെ ആളുകൾ ഈ രോഗത്തിൽ മരിക്കകയും ചെയ്തു.

## രോഗലക്ഷണങ്ങൾ

5-14 ദിവസം വരെയാണ് ബീജ ഗർഭകാലം. രോഗാണു ശരീരത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ രോഗലക്ഷണങ്ങൾ ആരംഭിക്കാൻ ഇത്രയും ദിവസം വേണം.
പനി,തലവേദന,തലകറക്കം,ബോധക്ഷയം, എന്നിവ ആണ് പ്രാരംഭ ലക്ഷണങ്ങൾ.
ചുമ,വയറുവേദന,മനം പിരട്ടൽ,ഛർദ്ദി,ക്ഷീണം, കാഴ്ചമങ്ങൽ എന്നിവയും അപൂർവ്വമായി കാണാം. മസ്തിഷ്ക്ക വീക്കം ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്.
മണിക്കൂറിനകം രോഗി കോമ

അവസ്ഥയിലേ
ക്ക് മാറും.
നിപാ വയറസ് ബാധയുണ്ടായ ഒരാൾക്ക് ദീർഘകാല
അനന്തരഫലങ്ങൾ കാണുന്നുണ്ട്.

## രോഗചികിത്സ

രോഗ ചികിത്സ പിന്തുണ പരിചരത്തിൽ
പരിമിതമാണ്.
മനുഷ്യരിൽ നിന്ന മനുഷ്യരിലേക്ക് പകരുന്നതിനാൽ
അണുബാധ നിയന്ത്രണ പ്രവർത്തനങ്ങളും ശരിയായ
നഴ്സിങ്ങ് പരിചരണ രീതികളും ആശുപത്രി ജന്യ
രോഗ പകർച്ച നിയന്ത്രിക്കാൻ അനിവാര്യമാണ്.
റിബാവൈറിൽ എന്ന മരുന്ന് ഫലപ്രദമാണ്.
രോഗം വന്നതിന ശേഷമുള്ള ചികിത്സയേക്കാൾ
രോഗ പ്രതിരോധമാണ് ഏറ്റവും പ്രധാനം.

-സാൻമരിയ 5 b

നന്ദി

മാറ്റൊലി യാഥർത്ഥ്യമാക്കാൻ

കൂടെനിന്ന എല്ലാവർക്കും